"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ല - പാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. അസീസിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.249/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/02/2019

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ സിടിപി (വിജി.)298/2013 നമ്പർ റിപ്പോർട്ട്

2 കണ്ണൂർ ടൗൺ പ്ലാനറുടെ 13.02.2014-ലെ സി-298/14 നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 20.08.2014-ലെ ഡിവി9-26052/14 നമ്പർ കുറ്റാരോപണ മെമ്മോ

4 പഞ്ചായത്ത് ഡയറക്ടറുടെ 27.06.2017-ലെ ഡിവി9-26052/14 നമ്പർ കത്ത്

5 സർക്കാരിന്റെ 20.11.2017-ലെ 169/ഇപിബി3/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6 ശ്രീ. സി. അസീസ് സമർപ്പിച്ച 03.03.2018-ലെ പ്രതിവാദ പത്രിക

7 പഞ്ചായത്ത് ഡയറക്ടറുടെ 12.09.2018-ലെ ഡിവി9-26052/14 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പാനൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അസീസ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കെട്ടിട നിർമ്മാണാനുമതി നൽകി ക്രമക്കേടും, കൃത്യനിർവ്വഹണത്തിൽ വീഴ്ചയും നടത്തിയിട്ടുണ്ട് എന്നുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ വിജിലൻസ് .അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. തുടർന്ന് പാനൂർ ഗ്രാമപഞ്ചായത്തിൽ റീ.സ.106/5-ൽപ്പെട്ട 9 സെന്റ് സ്ഥലത്ത് കയ്യിലാക്കൽ അബ്ദുൾ ലത്തീഫ് എന്നവർ ഗ്രൗണ്ട് ഫ്ലോർ മുതൽ 2 നിലകളിൽ പണികഴിപ്പിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിന് നിർമ്മാണാനുമതി നല്കിയതിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തി ശ്രീ. അസീസിനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചു.

1. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ കവറേജ് 55% ആയിരിക്കെ 60.25% അനുവദിച്ചു.

2. പിൻ വശത്തെ സെറ്റ് ബാക്ക് 1.50 ആവശ്യമാണ്.എന്നാൽ 1.07 മാത്രമാണ് ഉള്ളത്.

3. ആവശ്യത്തിനുള്ള വാഹന പാർക്കിംഗിന് സ്ഥലം നല്കിയിട്ടില്ല.

4. അവശർക്കുള്ള ചരിഞ്ഞ റാമ്പ്,പ്രത്യേക ടോയ്ലറ്റ് എന്നിവയ്ക്ക് വ്യവസ്ഥ നല്കിയിട്ടില്ല.

5. അഗ്നി സുരക്ഷ ഗോവണിയ്ക്ക് പ്രൊവിഷൻ നല്കിയിട്ടില്ല.

6. അഗ്നി സുരക്ഷാ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

7. കെട്ടിടത്തിനു പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ വിസ്തീർണ്ണം കാണുന്നു.

8. അതിരിൽ നിന്നും കെട്ടിടത്തിലേയ്ക്കുള്ള ദൂരം കാണിച്ചിരിക്കുന്നത് യഥാർത്ഥത്തിൽ സൈറ്റിൽ ഉള്ളതിൽ നിന്നും വ്യത്യസ്തമാണ്.

ശ്രീ. അസീസിനെതിരെ പഞ്ചായത്ത് ഡയറക്ടർ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 28.05.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. അസീസിനെതിരെ കെ.എസ്.ആർ.ഭാഗം 3 ചട്ടം 3 പ്രകാരം നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം ( 5 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. അസീസ് പരാമർശം ( 6 ) പ്രകാരം സമർപ്പിച്ച മറുപടിയിൽ ശ്രീ. അബ്ദുൾ ലത്തീഫിൽ നിന്നും ലഭിച്ച അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറുകയും, അസിസ്റ്റന്റ് എഞ്ചിനീയർ നേരിട്ട് പരിശോധിക്കുന്നതിന് പകരം ഓവർസീയർ സ്ഥലപരിശോധന നടത്തുകയാണ് ചെയ്തതെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നിർമ്മാണ അനുമതി നൽകിയെന്നും ഓവർസീയറുടെ കൃത്യമായ റിപ്പോർട്ട് ഉള്ളതിനാൽ സെക്രട്ടറി നേരിട്ട് സ്ഥലം പരിശോധിച്ചിരുന്നില്ലെന്നും സെക്രട്ടറി എന്ന നിലയിൽ ഓഫീസിലെ ഭാരിച്ച ജോലിത്തിരക്കിനിടയിൽ ഓവർസീയറുടെ പരിശോധനാ റിപ്പോർട്ട് സൂക്ഷ്മമായി പരിശോധിക്കുവാനോ ബന്ധപ്പെട്ട പ്ലാനിലെ അപകാതകൾ ചൂണ്ടിക്കാണിക്കുവാനോ സാധിച്ചില്ലെന്നും ആയതിനാൽ മനഃപൂർവ്വമല്ലാത്ത നോട്ടപ്പിശക് കാരണം സംഭവിച്ച തെറ്റ് മാപ്പക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. അസീസ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 7 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അസീസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. അസീസിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ പാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. അസിസിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ

സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹനദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

   (പരാമർശം (1), (2), (4), (5), (6) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. സി. അസീസ്, മുൻ സെക്രട്ടറി, പാനൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, പാനൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/169/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ